## തിരുവനന്തപുരം അതിരൂപത
## ഇടവകതല പ്ലാറ്റിനം ജൂബിലി ഉത്ഘാടനം

# ആരാധനക്രമം

**A. ആമുഖം**

നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മാർക്കോ. 16, 15) എന്ന യേശുവിന്റെ ദൗത്യമേറ്റെടുത്തുകൊണ്ട് പ്രാദേശിക സഭകൾക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി 1937 ജൂലയ് 1–ാം തിയതി സ്ഥാപിതമായ തിരുവനന്തപുരം രൂപത അജപാലന ശുശ്രൂഷ രംഗത്തും, മിഷൻ പ്രവർത്തന മേഖലയിലും, സാമൂഹ്യ-വിദ്യാഭ്യാസ രംഗങ്ങളിലും നടത്തിയ വ്യാപകമായ ഇടപെടലുകൾക്ക് 75 വർഷങ്ങൾ പിന്നിടുകയാണ്.
അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് നാമിന്ന് ഈ ബലിയർപ്പിക്കുമ്പോൾ പിന്നിട്ട വർഷങ്ങൾ ദൈവാനുഗ്രഹങ്ങളുടെയും വളർച്ചയുടെയും കാലഘട്ടം ആക്കിത്തീർത്തതിന് സർവ്വശക്തനായ ദൈവത്തിന് നമുക്ക് നന്ദി പറയാം. വിശ്വാസദീപം പകർന്നു നല്കി ശക്തിപ്പെടുത്തിയവരെയും അജപാലനരംഗങ്ങളിൽ കർമ്മനിരതരായിരുന്നവരെയും വിദ്യാഭ്യാസ- സാമൂഹിക - സാംസ്ക്കാരിക രംഗങ്ങളിൽ ശ്രദ്ധ ചെലുത്തിയവരെയും നന്ദിപൂർവ്വം ഓർമിക്കാം.

ഒരു പ്രാദേശിക സഭ എന്ന നിലയിൽ നമ്മുടെ വിളിയും ദൗത്യവും സുവിശേഷ പ്രഘോഷണവും അതിരൂപതയെ സ്നേഹത്തിലും ഐക്യത്തിലും പടുത്തുയർത്തുന്നതാണ്. അങ്ങനെ കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിയുവാനും സുവിശേഷത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് രക്ഷയുടെയും മോചനത്തിന്റെയും അടയാളങ്ങളായിത്തീരുവാനും നമുക്ക് കഴിയുന്നു.

സഭയുടെ വളർച്ചയിൽ മിഷണറിമാർ തുടങ്ങിവെച്ച സുവിശേഷവത്കരണം നാം ഇന്നും തുടരേണ്ടതുണ്ട്; അത് സാധ്യമാകേണ്ടത് നവ സുവിശേവത്കരണത്തിലൂടെയാണ്. കാലക്രമത്തിൽ മന്ദീഭവിക്കുകയും മായം ചേർക്കപ്പെടുകയും ചെയ്ത നമ്മുടെ വിശ്വാസത്തെ പുതിയ വെളിച്ചത്തിൽ കണ്ടെത്താനും ജ്വലിപ്പിക്കാനും ഇതുവഴി നമുക്ക് കഴിയുന്നു. അങ്ങനെ ഒരു നവീകരണത്തിനു തന്നെ ഈ ജൂബിലിയാഘോഷങ്ങൾ നമ്മെ ക്ഷണിക്കുന്നത്. സഭാ പ്രവർത്തനങ്ങളിലെ പങ്കാളിത്തം വളർത്തുക, വചനാധിഷ്ഠിതമായ ക്രൈസ്തവവിശ്വാസം വേരുറപ്പിക്കുക, കുടുംബജീവിതത്തിന്റെ നന്മയും സമാധാനവും കാത്ത് സൂക്ഷിക്കുക, ധാർമ്മികജീവിതം കളങ്കമേശാത്തതാക്കുക, സമർപ്പിത ജീവിതത്തെ അതിന്റെ എല്ലാ അർത്ഥതലങ്ങളിലും ആദരിക്കുക, വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധികൾ മറികടക്കുക, ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് നാം ഈ ആഘോഷപരിപാടികളെ മുന്നോട്ട് കൊണ്ടുപോകുന്നത്.

ഒരു കൊല്ലത്തിലേറെ നീണ്ടുനിൽക്കുന്ന ഈ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ പാപ്പായുടെ പ്രത്യേക മദ്ധ്യസ്ഥതയിൽ ജൂബിലിയാഘോഷങ്ങൾ മുന്നോട്ട് വെയ്ക്കുന്ന സ്വപ്നങ്ങളും പദ്ധതികളും അതിന്റെ പൂർത്തീകരണത്തിലെത്തുന്നതിനുവേണ്ടി അതിരൂപതാ മക്കളായ നമുക്ക് പ്രാർത്ഥിക്കാം. പിന്തിരിഞ്ഞു നോക്കാനും വിലയുരുത്താനും പാളിച്ചകൾ തിരുത്താനും ഈ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ ഉപകരിക്കട്ടെ.

**B. പ്രവേശനഗാനം**

വരുവിൻ മഹേശ്വരനായ്
ജയഘോഷമുയർത്തുടുവിൻ
വരുവിൻ പ്രമോദമോടെ
സ്തുതി ഗീതുണർത്തീടുവിൻ (വരുവിൻ...)

നിഖിലചരാചര നായകനാം
രക്ഷകനീശനെ വാഴ്ത്തിടുവിൻ
സകലകൃപാവര ദായകനെ
സതതം വാഴ്ത്തിടുവിൻ (വരുവിൻ...)

മഹിതമഹോന്നതനീശ്വരനാം
പ്രഭുവരനാം നൃപശ്രേഷ്ഠനവൻ
അലയാഴിയുമീ ഭൂവിതലവും
അഴകിൽ പാർത്തിടുവിൻ (വരുവിൻ...)

കര, കടലുന്നത ഗിരിനിരകൾ
കരവിരുതോടെ ചമച്ചവനാം
കരുണയോടഖിലം പാലിക്കും
നിരുപമ സ്നേഹസുധാ (വരുവിൻ...)

**C ഒന്നാം വായന** (ലേവ്യർ 25:8-9,13,18-19)

വർഷങ്ങളുടെ ഏഴു സാബത്തുകൾ എണ്ണുക, ഏഴുപ്രാവശ്യം ഏഴു വർഷങ്ങൾ. വർഷങ്ങളുടെ ഏഴു സാബത്തുകളുടെ ദൈർഘ്യം നാൽപത്തിയൊൻപതു വർഷങ്ങൾ. ഏഴാം മാസം പത്താം ദിവസം നിങ്ങൾ എല്ലായിടത്തും കാഹളം മുഴക്കണം. പാപപരിഹാരദിനമായ അന്ന് ദേശം മുഴുവൻ കാഹളം മുഴക്കണം. ജൂബിലിയുടെ ഈ വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശ സ്ഥലത്തേക്കു തിരികെപ്പോകണം. നിങ്ങൾ എന്റെ നിയമങ്ങളും കൽപനകളും അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുക. എങ്കിൽ ദേശത്തു നിങ്ങൾ സുരക്ഷിതരായിരിക്കും. ഭൂമി അതിന്റെ ഫലം നല്കും; നിങ്ങൾ തൃപ്തിയാവോളം ഭക്ഷിച്ച് സുരക്ഷിതരായി വസിക്കും. ദൈവവചനമാണ് നാം കേട്ടത്.

**D പ്രതിവചനസങ്കീർത്തനം 89:1-4, 14-17**

*പ്രതിവചനം: കർത്താവേ, ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും*

1. കർത്താവേ, ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും എന്റെ അധരങ്ങൾ തലമുറകളോട് അങ്ങയുടെ വിശ്വസ്തത പ്രഘോഷിക്കും. എന്തെന്നാൽ, അങ്ങയുടെ കൃപ എന്നേക്കും നിലനില്ക്കുന്നു; അങ്ങയുടെ വിശ്വസ്തത ആകാശം പോലെ സുസ്ഥിരമാണ്.

*പ്രതിവചനം: കർത്താവേ, ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും*

2. എന്റെ തിരഞ്ഞെടുക്കപ്പെട്ടവനുമായി ഞൻ ഒരു ഉടമ്പടിയുണ്ടാക്കി; എന്റെ ദാസനായ ദാവീദിനോടു ഞാൻ ശപഥം ചെയ്തു. നിന്റെ സന്തതിയെ എന്നേക്കുമായി ഞാൻ ഉറപ്പിക്കും; നിന്റെ സിംഹാസനം തലമുറളോളം ഞാൻ നിലനിറുത്തും

*പ്രതിവചനം: കർത്താവേ, ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും*

3. നീതിയിലും ന്യായത്തിലും അങ്ങു സിംഹാസനം ഉറപ്പിച്ചിരിക്കുന്നു; കാരുണ്യവും വിശ്വസ്തതയും അങ്ങയുടെ മുൻപേ നീങ്ങുന്നു. ഉത്സവഘോഷത്താൽ അങ്ങയെ സ്തുതിക്കുന്നവർ ഭാഗ്യവാൻമാർ; കർത്താവേ, അവർ അങ്ങയുടെ മുഖത്തിന്റെ പ്രാകശത്തിൽ നടക്കുന്നു.

*പ്രതിവചനം: കർത്താവേ, ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും*

4. അവർ നിത്യം അങ്ങയുടെ നാമത്തിൽ ആനന്ദിക്കുന്നു; അങ്ങയുടെ നീതിയെ പുകഴ്ത്തുന്നു. അങ്ങാണ് അവരുടെ ശക്തിയും മഹത്വവും; അങ്ങയുടെ പ്രസാദം കൊണ്ടാണു ഞങ്ങളുടെ കൊമ്പ് ഉയർന്നുനിൽക്കുന്നത്.

**E സുവിശേഷം (മത്തായി 28:16-20)**

യേശു നിർദേശിച്ചതുപോലെ പതിനൊന്നു ശിഷ്യൻമാരും ഗലീലിയിലെ മലയിലേക്കുപോയി. അവനെക്കണ്ടപ്പോൾ അവർ അവനെ ആരാധിച്ചു. എന്നാൽ; ചിലർ സംശയിച്ചു. യേശു അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തിവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർകകു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

**F പ്രസംഗസമയം ആർച്ച് ബിഷപ്പിന്റെ സന്ദേശം വായിക്കുന്നു**

**G വിശ്വാസികളുടെ പ്രാർത്ഥന**

1. പിതാവേ, ആഗോള കത്തോലിക്കാ സഭയെ അങ്ങയുടെ തിരുമുമ്പിൽ സമർപ്പിക്കുന്നു. ആഗോളവത്കരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും സഭയുടെ പ്രതിഛായയ്ക്ക്

മങ്ങലേൽപ്പിക്കാതെ കാത്തുസൂക്ഷിച്ച് ആധുനിക ലോകത്തിന് മുതൽക്കൂട്ടും ക്രിസ്തു മാതൃകയുമായി പടർന്നു പന്തലിക്കുവാൻ സഭയെ അനുഗ്രഹിക്കണമെന്നും ദൈവജനത്തെ വളർത്തുന്നതിനും പടുത്തുയർത്തുന്നതിനും പരിശുദ്ധ പിതാവിനെയും മറ്റെല്ലാ സഭാ തനയരെയും അനുഗ്രഹിക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. പിതാവേ, ദൈവരാജ്യസേവനത്തിന്റെ പാതയിൽ നീണ്ട 75 വർഷങ്ങൾ പിന്നിടുന്ന തിരുവനന്തപുരം അതിരൂപതയെ അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. അതിരൂപതയുടെ ഉയർച്ചയും വളർച്ചയിലും മഹനീയ സാന്നിധ്യം അലങ്കരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു, ഇല്ലായ്മകളെ പരിഹരിക്കുവാനും പോരായ്മകൾ നികത്തുവാനും ഇനിയും വളർച്ചയിലേക്ക് മുന്നേറാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അക്ഷീണം പ്രയ്തനിക്കുന്ന അതിരൂപത അദ്ധ്യക്ഷനെയും വൈദീകരേയും സന്യാസിസന്യാസികളെയും അല്മായപ്രേഷിതരെയും അനുഗ്രഹിക്കണമേയെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
3. പിതാവേ, ഇന്നത്തെ യുവതലമുറയെ അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. ലൗകീകതയും സാമ്പത്തിക ഭദ്രതയും വെച്ചുനീട്ടുന്ന സുഖത്തിനും സന്തോഷത്തിനും പുറകേപോയി ആത്മീയ അന്ധരാകാതെ സുവിശേഷവത്കരണത്തിന്റെ വെളിച്ചവും തീക്ഷണതയും കുടുംബങ്ങളിലും വ്യക്തികളിലും നിറയുന്നതിനും അതുവഴി സമൂഹത്തിൽപരസ്പര ധാരണയും സ്നേഹവും വളർന്ന് എല്ലാവരും ഒരേ മനസ്സോടെ ദൈവരാജ്യനിർമ്മിതിക്കായ് യത്നിക്കുന്നവരാകുവാനും അനുഗ്രഹിക്കണമേ എന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
4. പിതാവേ, അടിയുറച്ച ക്രൈസ്തവിശ്വാസവും കൗദാശിക ജീവിതവും പകർന്നു നല്കിയ ഞങ്ങളുടെ പുർവ്വീകരെയും കർത്താവിൽ നിത്യവിശ്രമം കൊള്ളുന്ന സഹോദരിസഹോദരങ്ങളെയും പ്രത്യേകിച്ച്, ഞങ്ങളുടെ അതിരൂപതയിൽ സേവനമനുഷ്ഠിച്ച് കടന്നുപോയ എല്ലാ മെത്രാന്മരേയും വൈദീകരേയും സന്യാസിസന്യാസികളെയും അല്മായപ്രേഷിതരെയും ഞങ്ങൾ ഓർക്കുന്നു. കർമ്മ നിരതമായ അവരുടെ ജീവിതത്തിന് തക്ക പ്രതിഫലം നല്കി നിത്യാനന്തത്തിൽ സന്തോഷിക്കുവാൻ ഇട നല്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## H കാഴ്ചവയ്പ്പ് ഗാനം

സ്വർഗ്ഗരാജ്യം പണിതിയുർത്തീടാൻ
സ്വർഗ്ഗത്തിൽ നാതൻ വിളിച്ചിടുന്നു
സ്വന്തമായുള്ളതെല്ലാം ത്യജിക്കുന്നു
സർവ്വവും സമർപ്പണം ചെയ്തിടുന്നു
സ്വീകരിക്കൂ സ്വീകരിക്കൂ
സർവ്വാധിനാഥാ സ്വീകരിക്കൂ

ഗനേസറത്തിൻ കടൽക്കരയിൽ
മാനവ മനസ്സേ വിളിച്ചുണർത്തി
സമൃദ്ധിയിലും സമർപ്പിതരായിടാൻ
സർവ്വം ത്യജിച്ചവർ ശൂന്യരായി
ഞങ്ങളും ആ പാതയിലൂടിതാ
അർച്ചനയായ് ദേവാ സ്വീകരിച്ചാലും

ശീമോനും അന്ത്രയോസും സെബദീ പുത്രരും
സദ്വാർത്ത കേട്ടു പ്രകാശിതരായ്
ദൈവരാജ്യത്തിൽ പൂർണ്ണത തേടാൻ
സ്വന്തമായുള്ളതെല്ലാം ത്യജിച്ചു
ഞങ്ങളും ആ പാതയിലൂടിതാ
അർച്ചനയായ് ദേവാ സ്വീകരിച്ചാലും

## I ദിവ്യഭോജനഗാനം

ദൈവസ്നേഹം നിറഞ്ഞു നിൽക്കും ദിവ്യകാരുണ്യമേ
തളരുമെൻ മനസ്സിനു പുതുജീവൻ നല്കും സ്വർഗ്ഗീയ ഭോജ്യമേ
മാലാഖമാരുടെ ഭോജനമേ സ്വർഗ്ഗീയ ഭോജനമേ

ക്രോധമോഹ മത മാത്സര്യങ്ങൾ തൻ
ഘോരമാം അന്ധത നിറയുമെൻ മനസ്സിൽ (2)
ദൈവസ്നേഹത്തിൻ മെഴുതിരിനാളം (2)
ദേവാ നീ കൊളുത്തണേ (ദൈവ...)
നിന്നെയുൾക്കൊണ്ടൊരെൻ മനതാരിൽ
നന്മകൾ മാത്രം എന്നും ഉദിക്കണേ (2)
നിന്നെയറിയുന്നോരെൻ ഹൃദയത്തിൽ (2)
നാഥാ നീ വസിക്കണേ (ദൈവ...)

**J ജൂബിലി ലോഗോ പ്രകാശനം** (അൾത്താരയിൽ മുൻകൂട്ടി നിശ്ചയിച്ച സൗകര്യമായ സ്ഥലത്ത് ജൂബിലി ലോഗോ സ്ഥാപിക്കുന്നു)

**K ജൂബിലി പ്രാർത്ഥന** (അതിരൂപതയ്ക്കു വേണ്ടിയുള്ള പ്രാർത്ഥ വൈദികൻ ചൊല്ലിക്കൊടുക്കുന്നു, വിശ്വാസികൾ ഏറ്റുപറയുന്നു)

**L ജൂബിലി ഗാനം (സമാപഗാനം)**

ഒരുസ്വരമായ് ഒരു ഗണമായ്
ദൈവത്തിൻ ജനമേ പാടിടുവിൻ
ആരവമോടിതാ വിളംബരമായിതാ
ഒരു നവ മംഗള ഗീതികൾ എങ്ങും ഉയരട്ടെ............
ജുബിലീ (2) ജുബിലീ (2) ജുബിലീപ്ലാറ്റിനം ജുബിലീ
ജുബിലീ (2) ജുബിലീ (2)
തിരുവനന്തപുരം ലത്തീൻ അതിരൂപതാ ജുബിലീ പ്ലാറ്റിനം ജുബിലീ
ആഴമാം വിശ്വാസത്തിൻ വിത്തുവിതച്ചു
പ്രേക്ഷിതവര്യൻ ഫ്രാൻസീസ് സേവ്യർ
ദിവ്യമാം മാദ്ധ്യസ്ഥ്യത്തിൻ പൂക്കൾ വിടർത്തി
പരിമളം പരത്തും കൊച്ചുത്രേസ്യ
ലോക നാഥയാം ദൈവമാതാവെന്നും
താലോലിക്കും അതിരൂപതക്കായ് (2) (ഒരു നവ മംഗള ഗീതികൾ)
ധന്യ പിതാവാം വിൻസെന്റ് ദെരേരയും
അഭിവന്ദ്യ പീറ്റർ ബെർണാർട് പെരേരയും
യോഗിവര്യൻ ജേക്കബ് തിരുമേനിയും
നയിച്ചതാം ഈസഭാ നൗകയേ
സാരഥിയായ് പിതാവാം സൂസൈപാക്യം
വളർത്തിടുന്ന ഈ അതിരൂപതക്കായ് ( ഒരു നവ മംഗള ഗീതികൾ)
ജുബിലീ ജുബിലീ പ്ലാറ്റിനം ജുബിലീ
ജുബിലീ ജുബിലീ അതി രൂപതതൻ പ്ലാറ്റിനംജുബിലീ
ഭാരതത്തിൻ നൂതനശാസ്ത്ര പുരോഗതിക്കായ്
വീടും മണ്ണും ത്യജിച്ചവർ നമ്മളല്ലേ
ആരുവാമൊഴിയിൽ പൂർവ്വികർ കാട്ടിയ ധൈര്യം
തിരുവിതാംകൂറിനിന്ന് പൊൻപ്രഭയായ്
ആദിമ ക്രൈസ്തവ സഭതൻ അരൂപിയിൽ നിറയാം
നവ സ്യ്ടികളായിടാം അതിരൂപതായ് (ഒരുസ്വരമായ്)

*(തയ്യാറാക്കിയത് അതിരൂപത ലിറ്റർജി കമ്മിഷൻ)*